

വര : വിനയ്ലാൽ

### ആണവ ഭാരതം അപകടം

# ആണവ വിരുദ്ധ കാർട്ടൂണുകളുടെ പ്രദർശനം

നിരവധി എതിർപ്പുകളെ അവഗണിച്ചുകൊണ്ടും ചർച്ചകളെ വകവയ്ക്കാതെയും ആശങ്കകൾ നിലനിർത്തിക്കൊണ്ട് ഇന്ത്യ അമേരിക്കയുമായുള്ള ആണവക്കരാറുമായി മുന്നോട്ട് പോവുകയാണ്. ജനാധിപത്യത്തിന്റെ മൂല്യങ്ങളെയെല്ലാം അപ്രസക്തമാക്കിക്കൊണ്ട് പാർലമെന്റിൽ നടന്ന വിശ്വാസപ്രമേയമെന്ന രാഷ്ട്രീയ അങ്കത്തിൽ പണം കൊണ്ട് വിജയം വരിച്ച് ആണവദൗത്യവുമായി സർക്കാർ മുന്നോട്ട് പോകുമ്പോൾ വരാനിരിക്കുന്ന വികസന സംരംഭങ്ങൾ ഊർജ്ജ പ്രതിസന്ധികൊണ്ട് ഇല്ലാതാക്കരുതെന്ന പതിവ് 'വികസന' ആട്ടിൻതോലണിയാൻ മൻമോഹൻസിംഗും മറന്നില്ല. രാജ്യം നേരിടാൻ പോകുന്ന ഊർജ്ജക്ഷാമത്തിന് ഏറ്റവും ഉപകാരപ്രദമായത് ആണവ റിയാക്ടറുകൾ തന്നെയെന്ന് അവർ ആണയിട്ട് പറയുന്നു. സൗരോർജ്ജം, കാറ്റ് തുടങ്ങിയ പുതുക്കാനാകുന്നതും സുരക്ഷിതമായതുമായ ബദൽ ഊർജ്ജമാർഗ്ഗങ്ങൾ ഇന്ത്യയിൽ സുലഭമാല്ലേയെന്ന സംശയം പൊതുസമൂഹത്തിലാകമാനം നിഴലിച്ചിട്ടും ആണവം ആണവം എന്നാവർത്തിച്ച് ഇന്ത്യയിലെ റിയാക്ടറുകൾക്ക് സുരക്ഷിതമല്ലാത്ത ഭൂമിശാസ്ത്ര- സാമൂഹിക സാഹചര്യത്തിലേക്ക് ചില ഗൂഢതാത്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ടുള്ള വികസന സങ്കല്പങ്ങളെ ഇറക്കുമതി ചെയ്യാൻ ശ്രമിക്കുകയാണ്.

അമേരിക്കയ്ക്ക് അവരുടെ യുറേനിയം ശേഖരം വിറ്റഴിക്കാനുള്ള വിപണിയായി ഇന്ത്യ മാറുകയാണ്. ആണവക്കരാറുമായി ബന്ധപ്പെട്ട വ്യവസ്ഥകളിൽ അമേരിക്കയ്ക്ക് പിണക്കമൊന്നുമുണ്ടാകാതിരിക്കാൻ ഇന്ത്യൻ ഭരണാധികാരികളും നയതന്ത്രജ്ഞരും കിണഞ്ഞ് പരിശ്രമിക്കുകയായിരുന്നു. പക്ഷെ ഇവരുടെ പ്രിയപ്പെട്ട ഈ മാതൃകാ അമേരിക്കപോലും ആണവോർജ്ജ ഉപയോഗത്തിൽനിന്നും പൂർണ്ണമായും പിൻവാങ്ങിക്കഴിഞ്ഞു. ജനങ്ങൾ അറിയുക എന്ന ജനാധിപത്യത്തിന്റെ പ്രാഥമിക മര്യാദപോലും ആണവക്കരാർ ലംഘിച്ചിരിക്കുന്നു. കൊട്ടിഘോഷിക്കപ്പെടുന്ന ഇന്ത്യൻ ജനാധിപത്യ സംവിധാനത്തിൽ ഇത്രയും രഹസ്യാത്മകമായി മുന്നോട്ട് പോയ ഒരു കരാർ പോലും മുൻകാലങ്ങളിലുണ്ടായിട്ടില്ല.

ഈ സാഹചര്യത്തിൽ ആണവ അപകടങ്ങൾ അനേക തലമുറകളോളം ദുരന്തം വിതക്കുമെന്ന ഹിരോഷിമ-നാഗസാക്കി ഓർമ്മകളുടെ പശ്ചാത്തലത്തിൽ ആഗസ്റ്റ് 6 മുതൽ 9 വരെ 'ആണവ ഭാരതം അപകടം' എന്ന പേരിൽ കേരളീയത്തിന്റെ നേതൃത്വത്തിൽ ആണവ വിരുദ്ധ കാർട്ടൂണുകളുടെ പ്രദർശനം നടന്നു. വി. എസ്. ഗിരീശൻ, റഫീഖ് അഹമ്മദ്, വിനയ് ലാൽ, മേതിൽ വേണുഗോപാലൻ, കേശവ് എന്നിവരുടെ കാർട്ടൂണുകളാണ് പ്രദർശനത്തിൽ ഉൾപ്പെടുത്തിയിരുന്നത്. തൃശൂർ കൊക്കാലെ കേരളീയം ഓഫീസ് പരിസരത്ത് ആരംഭിച്ച പ്രദർശനം ആണവ ശാസ്ത്രജ്ഞനും ജനകീയ ശാസ്ത്ര പ്രസ്ഥാനത്തിന്റെ നേതാവുമായ എം. പി. പരമേശ്വരൻ ഉദ്ഘാടനം ചെയ്തു. അമേരിക്കൻ ഉൽപന്നങ്ങൾ ബഹിഷ്ക്കരിച്ചുകൊണ്ടുതന്നെ ഈ അമേരിക്കൻ ആധിപത്യത്തിനെ പ്രതിരോധിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. തുടർന്ന് കട്ടപ്പന ഹോളിക്രോസ് കോളേജ്, കിരാലൂർ സൽസബീൽ ഗ്രീൻ സ്കൂൾ, കൊടകര പ്രൊവിഡൻസ് കോളേജ്, മാള കാർമ്മൽ കോളേജ്, അങ്കമാലി ആർട്ടെ ആൾട്ടർനേറ്റീവ്, ഈരാറ്റുപേട്ട, തൊടുപുഴ, ശാസ്താംകോട്ട സ്വദേശാഭിമാനി വായനശാല, നിലമ്പൂർ ലിറ്റിൽ മാഗസിൻ തുടങ്ങിയ ഇടങ്ങളിൽ പ്രദർശനം നടന്നു.

*നിങ്ങളുടെ നാട്ടിലും കാർട്ടൂൺ പ്രദർശനം നടത്തുവാൻ താത്പര്യമുള്ളവർ കേരളീയവുമായി ബന്ധപ്പെടുക : 9446576943, 0487 - 2421385*

**നെൽവയൽ ബിൽ നിയമമായി**

ഏറെക്കാലത്തെ കാത്തിരിപ്പിനൊടുവിൽ നെൽവയൽ-നീർത്തട സംരക്ഷണ ബിൽ നിയമസഭ പാസാക്കി. പാടങ്ങൾ നികത്താൻ കൂടുതലായി സൗകര്യം നൽകി നിയന്ത്രണകാര്യങ്ങളിൽ അവ്യക്തത നിലനിർത്തിയുമാണ് ഇത് പുറത്തിറങ്ങിയതെങ്കിലും ഇനി അവശേഷിക്കുന്ന നെൽപ്പാടങ്ങൾ കൃഷിചെയ്തും നീർത്തടങ്ങളായി സംരക്ഷിച്ചും തുടരാനാകട്ടെ എന്ന് നമുക്ക് ആശ്വസിക്കാം, അതിനായുള്ള നിതാന്ത ജാഗ്രത തുടരാം. *ബന്ധങ്ങൾക്ക്: ഫോൺ 0471 2727150*




വര : വി.എസ്. ഗിരീശൻ




വര : വി.എസ്. ഗിരീശൻ




വര : റഫീക് അഹമ്മദ്




വര : മേതിൽ വേണുഗോപാലൻ